# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1590 — 10/02/2020-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വീട് നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്ര രൂപയ്ക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | എ) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി 6521.11 കോടിരൂപ വീട് നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ച് ഉള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| ബി) | ഏതെല്ലാം പദ്ധതി പ്രകാരമാണ് ഇത്തരത്തിൽ വീട് നൽകിയതെന്നും ഇതിനാവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | ബി) | ലൈഫ് പദ്ധതി പ്രകാരവും, പി.എം.എ.വൈ - ലൈഫ് (അർബൻ - റൂറൽ) പദ്ധതി പ്രകാരവും ആണ് വീട് നൽകിയത്. ഇതിനാവശ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 20% ഹഡ്കോ ലോൺ തുകയും ബജറ്റ് വിഹിതവും കേന്ദ്ര ഫണ്ടുമാണ് വിനിയോഗിച്ചത്. |
| സി) | വീടുകൾ നിർമ്മിച്ച് നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സി) | 31.07.2017-ലെ സ.ഉ (എം.എസ്) നം.151/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>1) ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 2) ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br><br>3) വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br><br>4) സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ, ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br><br>5) ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br><br>6) അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.<br><br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.09.2019-ലെ ഉത്തരവ് (സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ) പ്രകാരം മത്സ്യ തൊഴിലാളി വിഭാഗത്തിൽപ്പെട്ട ലൈഫ് ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങൾക്ക് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) | ഓരോ പഞ്ചായത്തിലുമുള്ള ഭവനരഹിതരായ ആളുകളുടെ | ഡി) | ഉണ്ട്, സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളിൽ അർഹരായവർ ഒഴികെ |

| | | | |
|---|---|---|---|
| | കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ എത്ര പേർ ഇനിയും സ്വന്തമായി വീടുകൾക്കുവേണ്ടി കാത്തിരിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | | ഭവനരഹിതരായിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | ഭൂമിയുള്ള / ഭൂരഹിത ഭവനരഹിതർ |
|---|---|---|
| 1 | തിരുവനന്തപുരം | 71213 |
| 2 | കൊല്ലം | 46490 |
| 3 | പത്തനംതിട്ട | 9744 |
| 4 | ആലപ്പുഴ | 23648 |
| 5 | കോട്ടയം | 19672 |
| 6 | ഇടുക്കി | 27144 |
| 7 | എറണാകുളം | 41954 |
| 8 | തൃശ്ശൂർ | 40171 |
| 9 | പാലക്കാട് | 40990 |
| 10 | മലപ്പുറം | 32557 |
| 11 | കോഴിക്കോട് | 21497 |
| 12 | വയനാട് | 10935 |
| 13 | കണ്ണൂർ | 10475 |
| 14 | കാസർഗോഡ് | 16645 |
| | **ആകെ** | **413135** |

സെക്ഷൻ ഓഫീസർ